(7) അസിസ്റ്റന്റ് മാനേജർ	-4
(8) സീനിയർ അസിസ്റ്റന്റ്	-5
(9) പ്രോജക്ട് അസിസ്റ്റന്റ്	-21
(10) അക്കൗണ്ടന്റ്	-5
(11) സ്റ്റെനോ ടൈപ്പിസ്റ്റ്	-6
(12) ജൂനിയർ പ്രോജക്ട് അസിസ്റ്റന്റ്	-14
(13) ജൂനിയർ അസിസ്റ്റന്റ്	-16
(14) ഡ്രൈവർ	-13
(15) പ്യൂൺ	-23
(16) വാച്ച്മാൻ	-12
(17)കണ്ടിജന്റ് എംപ്ലോയീസ്	-13
ആകെ	-139

(ബി) ഉദ്ദേശിക്കുന്നുണ്ട്.

(സി) കരാർ വ്യവസ്ഥയിൽ ഇപ്പോൾ ആരെയും നിയമിച്ചിട്ടില്ല.

(ഡി) നടപടി കൈക്കൊള്ളുന്നതാണ്.

10 (176) വാർഡർമാരുടെ കാറ്റഗറി മാറ്റം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലെ വാർഡൻമാർക്ക് കാറ്റഗറിമാറി എൽ.ഡി. ക്ലാർക്കായി മാറുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ;

(ബി) വർഷങ്ങൾക്കുമുമ്പ് വാർഡൻമാരായി സർവ്വീസിൽ കയറിയവർക്ക് അർഹതപ്പെട്ട കാറ്റഗറി മാറ്റം ഇനിയും നടപ്പിലാക്കിയിട്ടില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) താൽപര്യമുള്ള വാർഡൻമാർക്ക് കാറ്റഗറി മാറുന്നതിന് ഓപ്ഷൻ സ്വീകരിച്ച് ക്ലാർക്കുമാരാകുന്നതിനുവേണ്ട നടപടി അടിയന്തിരമായി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള പട്ടികജാതി വികസന സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ അനുസരിച്ച് വാർഡൻ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനമാണ് നിഷ്കർഷിച്ചിട്ടുള്ളത്. വാർഡൻ തസ്തികയിലേക്കും എൽ.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്കും പ്രത്യേകം പ്രത്യേകം റാങ്ക് ലിസ്റ്റിൽ നിന്നാണ് നിയമനം നടത്തുന്നത്. അതിനാൽ പട്ടികജാതി വികസന വകുപ്പിലെ വാർഡൻമാർക്ക് എൽ.ഡി. ക്ലാർക്കുമാരായി കാറ്റഗറി മാറുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

കേരള പട്ടിക വർഗ്ഗവികസന സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ പ്രകാരം വാർഡൻ തസ്തിക എൽ.ഡി. ക്ളാർക്കുമാരുടെ കേഡർ തസ്തികകളാണ്. വാർഡൻ തസ്തിക എൽ.ഡി. ക്ളാർക്കുമാരുടെ ട്രാൻസ്ഫർ വഴിയോ എൽ.ഡി.സി റാങ്ക് ലിസ്റ്റിൽ നിന്നോ ആണ് നികത്തേണ്ടത്. സ്പെഷ്യൽ റൂൾ നിലവിൽ വന്ന 15.5.1993 മുതൽ ഇരു തസ്തികകളും പരസ്പരം മാറ്റാവുന്നതാണ്. അതിനാൽ തസ്തിക മാറ്റം അനുവദിക്കുന്നതിന് പട്ടിക വർഗ്ഗ വികസന വകുപ്പിൽ പ്രത്യേകം നടപടികൾ സ്വീകരിക്കേണ്ടതില്ല.

(ബി) ചട്ടപ്രകാരം അർഹരായ കാറ്റഗറി മാറ്റം അനുവദിക്കാത്തത് സംബന്ധിച്ച പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പട്ടികജാതി വികസന വകുപ്പിലെ സ്പെഷ്യൽ റൂൾ പ്രകാരം വാർഡൻ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനമാണ് നടത്തുന്നത്. വാർഡൻ തസ്തികയിലേക്കും എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്കും പ്രത്യേകം പ്രത്യേകം റാങ്കു ലിസ്റ്റിൽ നിന്നാണ് നിയമനം നടത്തുന്നത്. ആയതിനാൽ നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം പട്ടികജാതി വികസന വകുപ്പിലെ വാർഡർമാർക്ക് കാറ്റഗറി മാറുന്നതിനുള്ള ഓപ്ഷൻ സ്വീകരിച്ച് ക്ലാർക്കുമാരാകുന്നതിന് നടപടി സ്വീകരിക്കുവാൻ നിവൃത്തിയില്ല.

പട്ടികവർഗ്ഗ വികസന വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം സ്പെഷ്യൽ റൂൾ നിലവിൽ വന്ന 15.5.1993 ന് മുമ്പ് വാർഡൻമാരായി സർവ്വീസിൽ പ്രവേശിക്കപ്പെട്ടവർക്ക് ക്ലാർക്കുമാരായി തസ്തികമാറ്റം അനുവദിക്കാൻ നിർവ്വാഹമില്ല. ആയതിനാൽ സ്പെഷ്യൽ റൂൾ നിലവിൽ വന്നതിന് മുമ്പ് നിയമിക്കപ്പെട്ട വാർഡൻമാർക്ക് ക്ലാർക്ക് തസ്തികയിലേക്ക് മാറുന്നതിന് ഓപ്ഷൻ അനുവദിക്കുന്ന കാര്യം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പരിഗണനയിലില്ല.

11 (177) തുക മാറ്റി ചെലവഴിച്ചതായി പരാതി

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക- പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-വർഗ്ഗക്കാരുടെ ക്ഷേമത്തിനുവേണ്ടി നടപ്പു സാമ്പത്തിക വർഷത്തേക്ക് എന്തു തുകയാണ് മൊത്തം വകകൊള്ളിച്ചിട്ടുള്ളത്; അതിൽ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ളത് എത്ര;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും നവംബർ 30 വരെ പട്ടികജാതി വർഗ്ഗക്കാരുടെ ക്ഷേമത്തിലേക്ക് വേണ്ടി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പട്ടികജാതി-വർഗ്ഗക്കാരുടെ ക്ഷേമത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള തുക വക മാറി ചെലവഴിക്കുന്നതായിട്ടുള്ള ആക്ഷേപം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഇ) പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായിട്ടുള്ള തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾ വകമാറ്റി ചെലവഴിക്കാതിരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly